**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2121 04.11.2019 - ൽ മറുപടിയ്ക്ക്**

**അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

| | **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ:** | | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** |
|---|---|---|---|
| (എ) | ഏതെല്ലാം സർക്കാർ ആശുപത്രി-കളിലാണ് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ | (എ) | ചുവടെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിവരുന്നു<br>തിരുവനന്തപുരം മെഡിക്കൽ കോളേജ് - വൃക്ക<br>കോട്ടയം മെഡിക്കൽ കോളേജ് - വൃക്ക, ഹൃദയം<br>ആലപ്പുഴ മെഡിക്കൽ കോളേജ് - വൃക്ക<br>കോഴിക്കോട് മെഡിക്കൽ കോളേജ് - വൃക്ക |
| (ബി) | കൂടുതൽ ആശുപത്രികളിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | അവയവമാറ്റ ശസ്ത്രക്രിയയ്ക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പ് വരുത്തി നിശ്ചിത മാതൃകയിൽ, അതാത് സ്ഥാപന മേധാവികൾ അപേക്ഷ സമർപ്പിക്കുന്നതിനനുസരിച്ച് വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് സൗകര്യങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ച് വിലയിരുത്തിയ ശേഷമാണ് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആശുപത്രികൾക്ക് അനുമതി നൽകുന്നത്. സ്ഥാപന മേധാവികളിൽ നിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കൂടുതൽ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ